# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4559.

28..6..2013-ൽ മറുപടിക്ക്

## പാൽ പാസ്ച്ചറൈസ് ചെയ്യാൻ കഴിയുന്ന ഡയറി പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. എം.എ. വാഹീദ്: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാൽ പാസ്ച്ചറൈസ് ചെയ്യാൻ കഴിയുന്ന ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തിരുവനന്തപുരം മേഖലാ യൂണിയന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പാൽ പാസ്ച്ചറൈസ് ചെയ്യുന്നതിനുള്ള പ്ലാന്റുകൾ നിലവിലുണ്ട്. എറണാകുളം മേഖലാ യൂണിയന്റെ കീഴിൽ കോട്ടയം, കട്ടപ്പന എന്നീ ഡയറികളുടെ വികസനത്തിനായുള്ള പദ്ധതികൾക്കും മലബാർ മേഖലാ യൂണിയന്റെ കീഴിൽ ഹില്ലി ഏര്യാ ഡെവലപ്മെന്റ് പ്രോഗ്രാം വഴി കണ്ണൂർ ശ്രീകണ്ഠപുരത്ത് ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകാരവും നല്കിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കോട്ടയം ഡയറിയുടെ പ്രതിദിന സംസ്കരണ ശേഷി 30000 ലിറ്ററിൽ നിന്ന് ഒരു ലക്ഷം ലിറ്ററായും കട്ടപ്പന ഡയറിയുടെ പ്രതിദിന സംസ്കരണശേഷി 20000 ലിറ്ററിൽ നിന്നും ഒരു ലക്ഷം ലിറ്ററായും വർദ്ധിപ്പിക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. കണ്ണൂർ ശ്രീകണ്ഠപുരം ഡയറി പ്ലാന്റും ഒരു ലക്ഷം ലിറ്റർ സംസ്കരണശേഷിയാണ് ലക്ഷ്യമിടുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) തിരുവനന്തപുരം, മലബാർ, എറണാകുളം മേഖലാ യൂണിയനുകൾ മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഡയറി പ്ലാന്റുകളുടെ വികസന പരിപാടികൾക്കുള്ള ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മേഖലായൂണിയനുകൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.